ച്ചിരുന്നത്. പരസ്യചിത്രങ്ങൾ നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന ഇനങ്ങളിലാണ് തുക ചെലവഴിക്കപ്പെട്ടത്.

- പരസ്യചിത്രം എടുത്ത സംവിധായകനും ക്യാമറാമാനും ഉള്ള പ്രതിഫലം,
- പരസ്യചിത്രത്തിൽ അഭിനയിച്ച കലാകാരൻമാർക്കുള്ള പ്രതിഫലം,
- ഉപകരണങ്ങളുടെ വാടക,
- കലാകാരൻമാരുടേയും മറ്റ് സംഘാങ്ങളുടേയും താമസം, ഭക്ഷണം മുതലായ ചെലവുകൾ,
- പരസ്യചിത്രത്തിന്റെ നിർമ്മാണച്ചുമതല നിർവ്വഹിച്ച ഏജൻസിക്കുള്ള പ്രതിഫലം,
- അവയർനസ് ഫിലിം തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള ചെലവ്.

ഇതുകൂടാതെ ടൂറിസം വകുപ്പ് സ്റ്റാർപ്ലസ് എന്ന ചാനലിൽ 82,65,000 രൂപ നൽകി പരസ്യം നൽകിയിരുന്നു. ഇതിനുവേണ്ടി സ്റ്റാർപ്ലസ്ചാനൽ സ്മൃതി ഇറാനി, മോനാവാസ്യ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരസ്യചിത്രം നിർമ്മിക്കുകയും സ്റ്റാർപ്ലസ് ചാനലിൽ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി പരസ്യക്കൂലി അല്ലാതെ ചാനലിന് പ്രത്യേകിച്ച് തുകയൊന്നും നൽകിയിട്ടില്ല.

ഫാം ടൂറിസം

5(*208) ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. ഷിബു ബേബി ജോൺ:
ശ്രീ. എ. എൻ. രാജൻബാബു:
ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫാം ടൂറിസം രംഗത്ത് പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ, ബി) ഫാമുകളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു നൂതന ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly